**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3137 23/03/2015-ൽ മറുപടിയ്ക്ക്

## പാരമ്പര്യ ഔഷധച്ചെടികളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) പാരമ്പര്യ ഔഷധച്ചെടികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ഔഷധസസ്യ മിഷൻ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>ദേശീയ ഔഷധ സസ്യ മിഷൻ-കേരളയുടെ 2015-16 വർഷത്തെ വിവിധ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ബി) ഔഷധച്ചെടികൾ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് കൃഷിവകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ ഏതെല്ലാം ഫാമുകളിൽ നിന്ന് അത് ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) ഉണ്ട്.<br>കൃഷി വകുപ്പിനു കീഴിൽ പ്രധാനമായും 4 ഫാമുകളിൽ ഔഷധ സസ്യ തൈകൾ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തി വരുന്നുണ്ട്.<br>1. എറണാകുളം ജില്ലയിലെ നേര്യമംഗലം ജില്ലാ കൃഷിത്തോട്ടത്തിൽ നിന്ന് കൂവളത്തിന്റെ തൈകൾ വിതരണം നടത്തുന്നുണ്ട്.<br>2. കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ജില്ലാ കൃഷിത്തോട്ടത്തിൽ ചിറ്റരത്ത എന്ന ഔഷധ സസ്യത്തിന്റെ തൈ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. |

3. പാലക്കാട് ISDF എരുത്തേമ്പതിയിൽ രാമച്ചം, കറ്റാർവാഴ, കല്ലുരുക്കി, പ്രഷർചീര, തുളസി എന്നിവയുടെ തൈകൾ ഉല്പാദിപ്പിച്ച് വിൽപ്പന നടത്തുന്നു.
4. കോഴിക്കോട് ജില്ലയിലെ കൂത്താളി ജില്ലാ ഫാമിൽ ആടലോടകം, പനിക്കൂർക്ക , ഇരുവേലി, നാഗദന്തി. ബ്രഹ്മി, നാരകം, അഗത്തിച്ചീര, കരിനൊച്ചി, ആര്യവേപ്പ്, പാച്ചോറ്റി, തിപ്പലി, പെപ്പർമിന്റ്, തുളസി. ലക്ഷ്മിതരു, മുള്ളൻ ചക്ക, തഴുതാമ, എന്നിങ്ങനെ വിവിധയിനം ഔഷധച്ചെടികളുടെ തൈകൾ ഉല്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

ദേശീയ ഔഷധ സസ്യ മിഷൻ-കേരളയുടെ 2015-16 വർഷത്തെ വിവിധ പദ്ധതികൾ.

1.**ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനം**

ആധുനിക സംവിധാനങ്ങളോടു കൂടി സ്ഥാപിക്കുന്ന മാതൃക നഴ്സറികൾക്കും ചെറുകിട നഴ്സറികൾക്കും വൻതോതിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ചുവടെ പറയുന്ന നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നു.

| ക്രമ.നം. | ഇനം | പൊതു മേഖലാ (പദ്ധതി ചെലവിന്റെ 100%) അർഹമായ ധനസഹായം | സ്വകാര്യ മേഖല (പദ്ധതി ചെലവിന്റെ 50%) അർഹമായ ധനസഹായം |
|---|---|---|---|
| 1 | മാതൃകാ നഴ്സറി- (2 ലക്ഷം മുതൽ 3 ലക്ഷം തൈകൾ വരെ ഉത്പാദന ശേഷി) | 25 ലക്ഷം രൂപ | 12.5 ലക്ഷം രൂപ |
| 2 | ചെറുകിട നഴ്സറി (60,000 മുതൽ 70,000 തൈകൾ വരെ ഉത്പാദന ശേഷി) | 6.25 ലക്ഷം രൂപ | 3.125 ലക്ഷം രൂപ |

2. **ഔഷധ സസ്യങ്ങളുടെ വിള വിസ്തൃതി വർദ്ധിപ്പിക്കൽ**

ഔഷധ സസ്യ കൃഷി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് വേണ്ടി തിരഞ്ഞെടുക്കപ്പെട്ട 25 ഔഷധ സസ്യങ്ങൾക്കാണ് ധനസഹായം നൽകുന്നത്.

| ക്രമ.നം. | പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിളകൾ | അർഹമായ ധനസഹായം രൂപ /ഹെക്ടർ |
|---|---|---|
| 1 | നെല്ലി | 23595 |
| 2 | അശോകം | 37813 |
| 3 | വയമ്പ് | 22688 |
| 4 | കൂവളം | 24200 |
| 5 | ചപ്പങ്ങം | 19439 |
| 6 | കുമിഴ് | 27225 |
| 7 | കറ്റാർ വാഴ | 15428 |

| | | |
|---|---|---|
| 8 | കരിനൊച്ചി | 9075 |
| 9 | കുടം  ുളി | 22688 |
| 10 | പലകപയ്യാന്നി | 40838 |
| 11 | ഓരില | 27225 |
| 12 | തിപ്പലി | 22688 |
| 13 | രക്ത ചന്ദനം | 51274 |
| 14 | സർപ്പഗന്ധി | 37813 |
| 15 | ശതാവരി | 22688 |
| 16 | ഇരുവേലി | 15609 |
| 17 | തുളസി | 10890 |
| 18 | മുഞ്ഞ | 15125 |
| 19 | നറുനീണ്ടി | 23595 |
| 20 | വേങ്ങ | 33275 |
| 21 | കീഴാർനെല്ലി | 9983 |
| 22 | ചന്ദനം | 44194 |
| 23 | കൊടുവേലി | 18150 |
| 24 | ചിറ്റാമൃത് | 9983 |
| 25 | വലിയ അരത്ത | 17721 |

**3. ഔഷധ സസ്യ കൃഷി ക്ലസ്റ്ററുകൾ വഴി**

**ക്ലസ്റ്ററുകൾ പാലിക്കേണ്ട നിബന്ധനകൾ**

കുറഞ്ഞത് 5 കർഷകരും 2 ഹെക്ടർ സ്ഥലവുമുള്ള ക്ലസ്റ്ററുകൾ വഴിയാണ് ഔഷധസസ്യ കൃഷി വ്യാപിപ്പിക്കുന്നത്. ഈ ക്ലസ്റ്ററുകൾ ഉൾപ്പെട്ട കർഷകരും കൃഷി ഭൂമിയും അടുത്തടുത്തുള്ള 3 ഗ്രാമങ്ങളിൽ നിന്നുള്ളതാകണം. എന്നാൽ മാത്രമേ ഔഷധ നിർമ്മാണ ഏജൻസികൾക്കും ചെറുകിട ഉപഭോക്താക്കൾക്കും ഇവരെ സമീപിക്കാൻ സാധിക്കു

ഈ സാഹചര്യത്തിൽ പുതുതായി വരുന്ന അപേക്ഷകരെ നിലവിൽ അംഗീകാരമുള്ള 19 പ്രധാന ക്ലസ്റ്ററുകളുടെ കീഴിൽ സബ്ക്ലസ്റ്ററായി പരിഗണിക്കുന്നതാണ്. ഏതെങ്കിലും ജില്ലയിൽ അംഗീകാരമുള്ള ക്ലസ്റ്ററുകൾ ഇല്ലെങ്കിൽ 10-20 വരെ അപേക്ഷകരുള്ള ഒരു കർഷക കൂട്ടായ്മക്ക് ഒരു സബ്ക്ലസ്റ്ററായി തൊട്ടടുത്തുള്ള ജില്ലയിലെ ക്ലസ്റ്ററുകളിൽ അംഗമാകാവുന്നതാണ്.

**സെക്ഷൻ ഓഫീസർ**